# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .ഇ കെ എം (പി 9) 129/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .ഇ കെ എം (പി 9) 129/22 തീയ്യതി: 03/07/2022

## എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജിമോൻ കെ.എ. | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. റസിയബീവി ജെ.,ഓഡിറ്റ് ഓഫീസർ
2. റഷീദ് സി.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ബബിത ബി.കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. സ്വപ്ന വി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോഷി സ്കറിയ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടെസ്സിമോൾ.സി | സെക്രട്ടറി ഇൻ ചാർജ് | 01-04-2019 | 24-04-2019 |
| ജോർജ്.കെ.എം | സെക്രട്ടറി | 25-04-2019 | 24-09-2019 |
| ടെസ്സിമോൾ.സി | സെക്രട്ടറി ഇൻ ചാർജ് | 25-09-2019 | 24-10-2019 |
| ജോർജ്.കെ.എം | സെക്രട്ടറി | 25-10-2019 | 31-03-2020 |
| ടെസ്സിമോൾ.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| റോസിലി തോമസ് | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 02-05-2019 |
| ശോഭ ജയിംസ് | അസിസ്റ്റന്റ് എൻജിനിയർ | 02-05-2019 | 31-05-2019 |
| റോസിലി തോമസ് | അസിസ്റ്റന്റ് എൻജിനിയർ | 01-06-2019 | 17-07-2019 |
| ധർമകീർത്തി.പി.പി | അസിസ്റ്റന്റ് എൻജിനിയർ | 17-07-2019 | 31-03-2020 |
| പ്രിയദർശിനി.പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഗിരീഷ്.ജി | മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 01-04-2019 | 31-03-2020 |
| ഡോ.ദീപ്തി .കെ.എച്ച് | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2019 | 18-11-2019 |
| ഡോ. സൂര്യമോൾ.വി.എസ് | ഹോമിയോ മെഡിക്കൽ ഓഫീസർ | 19-11-2019 | 26-11-2019 |
| ഡോ.ദീപ്തി .കെ.എച്ച് | ഹോമിയോ മെഡിക്കൽ ഓഫീസർ | 27-11-2019 | 31-03-2020 |
| ഡോ.ജോമി ജോസഫ് | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷീന ജോസഫ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ആലീസ് ജോസ് | ഹെഡ് മിസ്ട്രസ്സ് , ഗവ.യുപിഎസ് ,ഉപ്പുകണ്ടം | 01-04-2019 | 31-03-2020 |
| നിഷ.എം.കെ | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| രാഗേഷ്.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-12-2019 |
| ജയിംസ് ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2020 | 31-03-2020 |
| രാജേഷ്.കെ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,പാലക്കുഴ | 01-04-2019 | 31-03-2020 |
| മനേഷ്.എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കരിമ്പന | 01-04-2019 | 07-03-2020 |
| രാജേഷ്.കെ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കരിമ്പന | 08-03-2020 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ressiya Beevi J (Audit Officer, On 22-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Babitha B Kumar (Senior Grade Auditor, On 20-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 20-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ressiya Beevi J (Audit Officer, On 23-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 15-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Ressiya Beevi J (Audit Officer, On 28-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ressiya Beevi J (Audit Officer, On 28-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ressiya Beevi J (Audit Officer, On 24-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-10 |
| 12 | ദുരിതാശ്വാസനിധി<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-11 |
| 13 | ദുരന്ത നിവാരണ കമ്മിറ്റി<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-12 |
| 14 | തൊഴിൽ നികുതി -ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-13 |
| 15 | കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല.<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-14 |
| 16 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ -കുറവ്<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-15 |
| 17 | ടോയ്‌ലറ്റ് നിർമ്മാണം - നിർമ്മാണത്തിലെ അപാകത – ധന നഷ്ടം സംഭവിച്ചു.<br>Written By: C.M.Rasheed (Asst. Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-16 |
| 18 | തൊഴിലുറപ്പ് പദ്ധതി - നിരക്ക് നൽകിയതിലെ അപാകത<br>Written By: C.M.Rasheed (Asst. Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-17 |
| 19 | പാലം നിർമ്മാണത്തിന് ചട്ട വിരുദ്ധമായി അനുമതി നൽകി.<br>Written By: C.M.Rasheed (Asst. Audit Officer, On 21-01-2022) | 1-18 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 20-06-2022) | |
| 20 | ലേലം ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-19 |
| 21 | എ.ബി.സി. പ്രോഗ്രാം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-20 |
| 22 | മത്സര പരീക്ഷാ പരിശീലന പ്രൊജക്ട് - അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 20-06-2022) | 1-21 |
| 23 | അംഗീകാരം വാങ്ങിയതിനുശേഷം പ്രൊജക്ടിലില്ലാത്ത സ്കൂളിൽ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചു<br>Written By: Babitha B Kumar (Senior Grade Auditor, On 20-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 1-22 |
| 24 | സ്മാർട്ട് ക്ലാസ്സ് റൂം - പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല<br>Written By: Babitha B Kumar (Senior Grade Auditor, On 20-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-23 |
| 25 | ഐ.കെ.എം. വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 1-24 |
| 26 | എസ്.എസ്.എ. വിഹിതം നല്കൽ<br>Written By: Ressiya Beevi J (Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 1-25 |
| 27 | കുടിവെള്ളവിതരണം-അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 20-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 1-26 |
| 28 | ഓഡിറ്റ് ഇംപാക്ട്<br>Written By: C.M.Rasheed (Asst. Audit Officer, On 21-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 1-27 |
| | **ഭാഗം 2** | |
| 1 | കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 15-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ<br>Written By: Raj N.C (Computer Assistant, On 21-06-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-2 |
| 3 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 17-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 15-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Babitha B Kumar (Senior Grade Auditor, On 17-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Babitha B Kumar (Senior Grade Auditor, On 17-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Babitha B Kumar (Senior Grade Auditor, On 18-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |

| | | |
|---|---|---|
| | Written By: Babitha B Kumar (Senior Grade Auditor, On 18-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 18-01-2022)<br>Last Updated By: Raj N.C (Computer Assistant, On 21-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ressiya Beevi J (Audit Officer, On 23-01-2022)<br>Last Updated By: Asad N.E (Computer Assistant, On 03-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 19-01-2022)<br>Last Updated By: Raj N.C (Computer Assistant, On 22-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 15.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് 12.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| വരവ് | 13,62,89,101 | 4,40,98,458 |
| ചെലവ് | 13,81,47,676 | 4,57,61,223 |

ബജറ്റ് പ്രകാരമുള്ള വരവ് - ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് - ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ഈ പൊരുത്തക്കേട് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 30.06.20 | 18.05.20 |

## 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) KSEB യിൽ സാമ്പത്തിക വർഷം പ്രോജക്ട് മുഖേന തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിൽ Advance To Implementing Agencies - KSEB എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

3) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

4) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,10,57,579 |
| വരവ് | 4,40,98,458 |
| ആകെ | 5,51,56,037 |
| ചെലവ് | 4,57,61,223 |
| നീക്കിയിരിപ്പ് | 93,94,814 |
| ചെലവ് നഷ്ടം | ഇല്ല |
| വരവ് നഷ്ടം | 16,029 |
| തടസ്സപ്പെടുത്തിയ തുക | 8,88,776 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 6570759 | 6570759 | 6570759 | | 0 |
| വികസനഫണ്ട് - SCP | | 2055294 | 2055294 | 1720844 | | 334450 |
| വികസനഫണ്ട്-TSP | | 88000 | 88000 | 88000 | | 0 |
| വികസനഫണ്ട്-CFC | | 6071497 | 6071497 | 3602517 | | 2468980 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 9766000 | 9766000 | 3998601 | | 5767399 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | | 3251000 | 3251000 | 2588704 | | 662296 |
| ദുരിതാശ്വാസനിധി - 311100101 | 3000 | 60 | 3060 | 0 | 3060 | |
| ICDS - 320100121 | 1541208 | 751558 | 2292766 | 838369 | 1454397 | |
| NPRPD - 320100127 | 125000 | 0 | 125000 | 593818 | 656182 | |
| Solid Waste - 320100203 | 1308000 | 0 | 1308000 | 849569 | 458431 | |
| Agriculture - Capital - 320200201 | 500000 | 0 | 500000 | 0 | 500000 | |
| വിമുക്തി - 320200305 | 41620 | 7370 | 48990 | 9900 | 39090 | |
| ലൈബ്രറി - 320200308 | 11850 | 19550 | 31400 | 31400 | 0 | |
| സാക്ഷരത - 320200309 | 2453 | 85 | 2538 | 0 | 2538 | |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ – 320200322 | 121579 | 0 | 121579 | 121579 | 0 | |
| ജലനിധി – 320300102 | 1369053 | 43205 | 1412258 | 0 | 1412258 | |
| Total Sanitation Campaign 320300103 | 683200 | 0 | 683200 | 130000 | 553200 | |

G O പ്രൊജക്ടുകളുടെ ചെലവ്

വികസനഫണ്ട് (ജനറൽ) – 1369241 /-

വികസനഫണ്ട് (SCP) – 14706 /-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 8,06,70,563 | 93 | 3,35,30,460 | 55 | 14 | 57.41% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,689 | 11,20,556 | 11,28,245 | 8,51,788 | 2,76,457 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,27,35,859.50 | 1,27,35,859.50 | 1,27,35,859.50 | 0 |
| ആകെ | 7,689 | 1,38,56,415.50 | 1,38,64,104.50 | 1,35,87,647.50 | 2,76,457 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24,600 | 29 |
| കർഷകത്തൊഴിലാളി പെൻഷൻ | 8,87,400 | 241 |
| വിധവാപെൻഷൻ | 17,63,400 | 495 |
| വാർദ്ധക്യകാല പെൻഷൻ | 46,81,200 | 1332 |
| വികലാംഗ പെൻഷൻ | 5,60,400 | 155 |
| 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,07,000 | 58 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 03 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ്പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-1-22 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17,322/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.7.2019, 25.7.2019 | 01.06.2019 – 30.06.2019 | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2014 - 01.03.2014 | 2008-09 മുതൽ 2012-13 വരെ | 15.05.2014 |

## 1-11 ദുരിതാശ്വാസനിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ താഴെച്ചേർക്കുന്നു

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 3,000 | 60 | 3,060 | 0 | 3,060 |

2019-20 വർഷത്തെ അക്കൗണ്ടിലെ മുന്നിരിപ്പ് 3000/- രൂപയുംവരവ് പലിശയിനത്തിലുള്ള 60/- രൂപയും നീക്കിയിരിപ്പ് 3,060/- രൂപയുമാണ്. ഓഡിറ്റ് വർഷം വരവോ ചെലവോ ഒന്നുമില്ല. പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾക്ക് പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ദുരിതാശ്വാസനിധി വഴി പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സഹായം കൊടുക്കാൻ സാധിക്കും. എന്നാൽ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. അപ്രകാരം ധനം സ്വരൂപിക്കുന്നതിന് നിർബന്ധങ്ങൾ ചെലുത്തുകയോ അധികാര ദുർവിനിയോഗം ചെയ്യുകയോ പഞ്ചായത്തിന് ലഭിക്കേണ്ട ഏതെങ്കിലും വരുമാനം ഇല്ലാതാക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽ നിന്നോ തുക കൈമാറ്റം ചെയ്യാനും പാടില്ല. നിധിയിലേക്ക് നല്കുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നല്കേണ്ടതും അത് അച്ചടിച്ച ഫോറത്തിലായിരിക്കേണ്ടതുമാണ്. ദുരിതാശ്വാസ നിധിയിലെ വരവ് വർദ്ധിപ്പിക്കാനും അർഹതപ്പെട്ടവർക്ക് ആനുകൂല്യം നല്കാനും ശ്രമിക്കേണ്ടതാണ്.

## 1-12 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം പാലക്കുഴ ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വളരെ നല്ല രീതിയിൽ തന്നെ ദുരന്ത നിവാരണ കമ്മിറ്റി പ്രവർത്തനം നടത്തുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും ഇടപെടലുകളും നടത്തുന്നത് അഭികാമ്യമായിരിക്കും. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കമ്മിറ്റി അംഗങ്ങൾ സജീവമായി പ്രവർത്തിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു :-

| ക്രമ നം | സ്ഥാപന ഉടമ / സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എ.കെ ജോയി , അരിക്കാപ്പിള്ളിൽ<br>മേരി മാതാ സിമന്റ് ബ്രിക്സ് | 15 | 4 |
| 2 | എ.ജെ ബാബു,അരിക്കാപ്പിള്ളിൽ<br>മെറ്റൽ ക്രഷർ | 16 | 4 |
| 3 | ബേബി എ.യു., പാട്ടുപാളയിൽ<br>ആയുർവേദ ഔഷധങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന | 35 | 4 |
| 4 | അതുൽ .പി .ബേസിൽ രാജ്, പാട്ടുപാളായിൽ,<br>ആയുർവേദ ഔഷധ നിർമ്മാണം | 46 | 7 |
| 5 | ടിന്റു എൽദോ , ചെറുകുപ്പിൽ<br>പെട്രോൾ , ഡീസൽ വിൽപ്പന | 78 | 5 |
| 6 | സജീവ് മാത്യു , യുണൈറ്റഡ് മെറ്റൽസ് ,<br>കരിമ്പന , ക്വാറി | 19 | 20 |
| 7 | പ്രിൻസ് &പോൾജോൺ<br>വണ്ടന്ര പുത്തൻപുരയിൽ , ക്വാറി | 9 | 4 |
| 8 | സാബു വർഗ്ഗീസ്, കോരങ്ങേലി തടത്തിൽ,<br>പാറഖനനം | 27 | 8 |
| 9 | സാബു വർഗ്ഗീസ്, കോരങ്ങേലി തടത്തിൽ,<br>കരിങ്കല്ല് ഖനനം | 28 | 8 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/13.1.2022 ) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത്

നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മുകളിൽ കൊടുത്തിരിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ വസ്തു നികുതി നിർണ്ണയ സ്റ്റേറ്റ് മെന്റിലെ ഫോം നം. 6 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 285 ച.മീ വിസ്തീർണ്ണത്തിനാണ്. കൂടാതെ ടി കെട്ടിടത്തിന് വസ്തു നികുതി ഈടാക്കിയിരിക്കുന്നത് 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗക്രമ പ്രകാരമുള്ള 30/- രൂപ നിരക്കിലുമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 1.6.2019 തീയതിയിൽ സമർപ്പിച്ച അപേക്ഷാ നം. A3-1454/19 പ്രകാരമുള്ള എക്സ്റ്റെൻഷൻ പ്ലാനിൽ നിലവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 466.30 ച.മീ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥാപനത്തിന്റെ വിസ്തീർണ്ണം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :-

| കെട്ടിട ഉടമ/ കെട്ടിട നം./ സ്ഥാപനത്തിന്റെ പേര് / | വസ്തു നികുതി നിർണ്ണയിക്കേണ്ട കെട്ടിട വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിർണ്ണയിച്ച കെട്ടിട വിസ്തീർണ്ണം (ച.മീ) /ഈടാക്കിയ വസ്തു നികുതി (ബാധകമായ ഇളവ്,വർദ്ധനവ്, ഗ്രന്ഥശാലാ വരി എന്നിവ കുറച്ച്) /രസീതു നം /തീയതി (ച.മീറ്ററിന് 30/-നിരക്കിൽ) | ഈടാക്കേണ്ട വസ്തു നികുതി (ബാധകമായ ഇളവ്, വർദ്ധനവ്, ഗ്രന്ഥശാലാ വരി എന്നിവ കുറച്ച്) / (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് |
|---|---|---|---|---|---|
| ജെസ്സി ബേബി പാട്ടുപാളായിൽ, കരിമ്പന, 294/A/ കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് | 466.30 | 285ച.മീ , 7182/- (285x30 ) (119030100068/12.4.19) (വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം) | 19585/- (466.30x50) (വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം ) | 12403/- | 466.30-285= 181.3x20=3626/ |
| ആകെ ഈടാക്കേണ്ട തുക | | | | | 12403+3626=16029/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/20.1.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ,ക്രമവൽക്കരണ ഫീസ് എന്നീ ഇനങ്ങളിൽ ഈടാക്കിയതിൽ കുറവു വന്ന തുകയായ 16029/- രൂപയും ടി കെട്ടിടത്തിൽ നിന്നും 2013-14 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ വസ്തു നികുതിയിനത്തിൽ ഈടാക്കേണ്ട കുടിശ്ശിക തുകയും ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-15 ലൈസൻസ് ഫീസ് ഈടാക്കിയതിൽ -കുറവ്

31.07.2017ലെ ജി.ഒ.(പി.) നം. 80/2017/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അപൂർണ്ണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുള്ളതുമാണ്. പുതുക്കിയ ചട്ടം അനുസരിച്ച് 1996ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നാക്കി മാറ്റിയത് യഥാക്രമം 500/-, 1,000/-, 5,000/-, 10,000/-, 15,000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസ് ഈടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 31.10.2017ലെ സർക്കാർ ഉത്തരവു പ്രകാരമുള്ള ഭേദഗതി ചട്ട പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള സ്ലാബ് അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം (30.11.2018ലെ 4ാം നമ്പർ തീരുമാനം) എടുത്തിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസിനേക്കാൾ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :-

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് /മൂലധന നിക്ഷേപം | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം / | ഇാടാക്കിയ ഫീസ് /രസീത് നം/തീയതി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | അതുൽ പി.ബേസിൽ രാജ്, പാട്ടുപാളായിൽ /28.88 ലക്ഷം രൂപ | ആയുർവേദ മരുന്ന നിർമ്മാണം , വിൽപ്പന | 500/- 18030102873/20.2.2019 | 1000/- | 500/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/13.1.2022) മറുപടി ലഭ്യമായിട്ടില്ല.ലൈസൻസ് ഫീസിനത്തിലെ കുറവ് തുകയായ 500/- ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് .

1-16 ടോയ്‌ലറ്റ് നിർമ്മാണം - നിർമ്മാണത്തിലെ അപാകത – ധന നഷ്ടം സംഭവിച്ചു.

ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ 2019-20 ൽ ടോയ്‌ലറ്റ് നിർമ്മാണം നടത്തിയിട്ടുണ്ട്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 136/20 |
| പേര് | ആയുർവേദ ആശുപത്രിയിൽ ടോയ്‌ലറ്റ് നിർമ്മാണം |
| അടങ്കൽ/ ഫണ്ടിനം | 2,20,000/-, കേന്ദ്രാവിഷ്കൃത ഫണ്ട് |
| അംഗീകാരം | 01/AEE/LSGD/PKDA/18-19/15.10.2018 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ചെലവ്/ബിൽ നം | 1,80,076/-, 39/06/08/2019 |
| കരാറുകാരൻ | ജിത്തു ജോയ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്ലാൻ തയ്യാറാക്കിയതിലെ അപാകത നിമിത്തം നിർമ്മാണം നടത്തിയ ടോയ്‌ലറ്റ് കാലതാമസം കൂടാതെ പൊളിഞ്ഞു. അപാകത സംബന്ധിച്ച് 14.1.22 ൽ ഓഡിറ്റ് എൻക്വയറി (നം.11) നൽകി. ആയതിന് 17.01.2021ൽ ലഭ്യമാക്കിയ മറുപടി (നം.Audit/2022/1) കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. ഓഡിറ്റ് വിഭാഗവും, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും 14.01.2022 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടോയ്‌ലറ്റ് കെട്ടിടം പൊട്ടിത്തകർന്നിരിക്കുന്നതായും ഉപയോഗ ശൂന്യമായതായും കണ്ടു. ഫയലിലേയും എം. ബുക്കിലേയും രേഖപ്പെടുത്തൽ പ്രകാരം 30.04.2020നാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയായ ഉടനെ കെട്ടിടം വിള്ളൽ വീണും, ഭൂമിയിലേക്ക് ഇരുന്നും നശിച്ചതായാണ് കണ്ടത്. ഇപ്രകാരം സംഭവിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഹോസ്പിറ്റലിന്റെ പടിഞ്ഞാറ് ഭാഗത്ത് പുതിയ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചതിനാലും ടോയ്‌ലറ്റിന്റെ വടക്ക് ഭാഗത്ത് മണ്ണിട്ട് ഉയർത്തിയതിനാലും നീരൊഴുക്ക് തടസ്സപ്പെടുകയും ടോയ്‌ലറ്റ് തകരുന്നതിന് കാരണമാവുകയും ചെയ്തതായി അറിയിച്ചു.

2. അടുത്ത പറമ്പിൽ നിന്ന് ഉയരത്തിൽ നിൽക്കുന്നതും ഇളകിയ മണ്ണ് ഉള്ളതുമായ സ്ഥലത്ത് ഡി.ആർ., ആർ.ആർ. ഫൗണ്ടേഷനാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും നിർമ്മാണം നടത്തുകയും ചെയ്തിട്ടുള്ളത്. പെഡസ്റ്റൽ ഫൂട്ടിംഗ് നടത്തി, പ്ലിന്ത് ബീം ഫൗണ്ടേഷൻ തയ്യാറാക്കേണ്ട പ്രതലത്തിൽ മേൽ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടിയിൽ അക്കാര്യം വിശദീകരിച്ചിട്ടില്ല.

3. ടോയ്‌ലറ്റ് നിർമ്മാണത്തിന് 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണ പെർമിറ്റ് എടുത്തിട്ടില്ല.

4. കെട്ടിടത്തിന് വിള്ളൽ ഉണ്ടായതും ഉപയോഗ ശൂന്യമായതും സംബന്ധിച്ച് മെഡിക്കൽ ഓഫീസർ, ആയുർവേദം റിപ്പോർട്ട് ചെയ്തിട്ടില്ല. മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല.

5. കരാറുകാരനിൽ നിന്ന് 5,500/- രൂപ ഇ.എം.ഡി. ഇനത്തിലും (ബാങ്ക് ഓഫ് ബറോഡ. രസീത് നം 0815044/26.10.18), 11,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിലും (ബാങ്ക് ഓഫ് ബറോഡ. രസീത് നം 0815044/26.10.18, ബാങ്ക് ഓഫ് ബറോഡ രസീത് നം 0815075/26.10.18) എന്നിവ പ്രകാരം ഈടാക്കി. സെക്യൂരിറ്റി ഡെപ്പോസിറ്റ് 22.12.2022 ൽ തിരികെ നൽകി.

6. എം. ബുക്ക് പ്രകാരം (പേജ് നം 72) 758/- രൂപ നിരക്കിൽ രണ്ട് ഹെൽത്ത് ഫോസറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ആയത് കാണാൻ സാധിച്ചില്ല. ആയത് സ്ഥാപിച്ചിരുന്നെങ്കിലും പിന്നീട് എടുത്തു മാറ്റിയതാണെന്ന് മറുപടി നൽകി.

7. ടോയ്‌ലറ്റ് നിലവിൽ ഉപയോഗ ശൂന്യമായ നിലയിലും മാലിന്യം അടിഞ്ഞ് കൂടിയ നിലയിലുമാണ് കണ്ടത്. രോഗികൾ താമസിക്കുന്നതിന് സമീപമുള്ള സ്ഥലം ഇപ്രകാരം മലിനമാക്കപ്പെടുന്നത് അനുയോജ്യമല്ല. പ്രസ്തുത മാലിന്യം ഫസ്റ്റ് ഫ്ലോറിലെ ടോയ്‌ലറ്റുകളിൽ നിന്ന് വരുന്ന ഔട്ട് ലെറ്റ് പൈപ്പിൽ നിന്നുള്ളതാണെന്ന് മറുപടിയിൽ അറിയിച്ചു. എന്നാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കരാറുകാരനുമായി 21.11.2018ൽ എഗ്രിമെന്റ് (61/AE/LSGD/PLKA/18-19) ഒപ്പ് വെച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് കരാറുകാരൻ 15.01.2022ൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കി. ആയതിൽ വർക്കിന് എന്തെങ്കിലും അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് തരുന്നതാണ് എന്ന് കത്തിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്ട്രക്ച്ചറൽ എക്സ്പെർട്ടിനെ കൊണ്ട് സ്ഥലപരിശോധന നടത്തി നിർദ്ദേശാനുസരണം അപാകതൾ പരിഹരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയറും അറിയിച്ചു. ഗ്രാമപഞ്ചായത്ത് ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് അപാകതൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതൾ പരിഹരിക്കുന്നത് വരെ 1,80,076/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-17 തൊഴിലുറപ്പ് പദ്ധതി - നിരക്ക് നൽകിയതിലെ അപാകത

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ വർക്കുകളിൽ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക നൽകിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു. അപാകത സംബന്ധിച്ച് 17.01.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.ടെണ്ടർ ചെയ്യാത്ത ഇനങ്ങൾ കരാറുകാരിൽ നിന്ന് വാങ്ങി.

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് 2019-20 ൽ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യം നം | A2-88/19/23.12.2019 |
| ടെണ്ടർ ചെയ്ത ഇനങ്ങൾ | 1.40 Mm മെറ്റൽ<br>2.20 Mm മെറ്റൽ |

| | |
|---|---|
| | 3.10 സ്റ്റോൺ അഗ്രിഗേറ്റ്<br>4.കോഴ്സ് സാൻഡ്<br>5.സിമന്റ് |
| കരാറുകാരുടെ എണ്ണം | 2 |

മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവ ടെണ്ടർ ചെയ്ത ഇനങ്ങളിൽ ഉൾപ്പെട്ടിരുന്നില്ലയെങ്കിലും പ്രസ്തുത ഇനങ്ങളും കരാറുകാരിൽ നിന്ന് വാടകക്കെടുക്കുകയും കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവ ടെണ്ടർ ഇനങ്ങളിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് ടെണ്ടർ ഇനങ്ങളിൽ ആയത് വിട്ടു പോയതാണെന്നും 2020-21 ൽ അപാകത പരിഹരിച്ചിട്ടുണ്ട് എന്നും അറിയിച്ചു.

2.തൊഴിലുറപ്പ് പദ്ധതിയിൽ പണിയുപകരണങ്ങൾ കൊണ്ടു വരുന്ന തൊഴിലാളികൾക്ക് ഷാർപ്പനിംഗ് ചാർജ് നൽകാം. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഷാർപ്പനിംഗ് ചാർജ് നൽകിയിരിക്കുന്നത് മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാർക്കാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ് | കരാറുകാരന്റെ പേര് /അക്കൗണ്ട് നം | എം ബുക്ക് നം | അനുവദിച്ച ഷാർപ്പനിംഗ് ചാർജ് |
|---|---|---|---|---|
| 1 | കുമ്മനാൽ കുരിശിങ്കൽ റോഡ് കോൺക്രീറ്റിംഗ്<br>1608009003/RC/300501 | ജിത്തു ജോയ് ,<br>55350100002917<br>ബാങ്ക് ഓഫ് ബറോഡ | 92/2019-20/MY | 838 |
| 2 | പിടിയിരിക്കൽ എൻ എസ് എസ് റോഡ് കോൺക്രീറ്റിംഗ്<br>1608009003/RC/299068 | ബാബു എ ജെ,<br>57027357186,<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 76/2019-20/MY | 810 |

തൊഴിലാളികൾക്ക് നൽകേണ്ട ഷാർപ്പനിംഗ് ചാർജ് കരാറുകാരന് നൽകിയത് സംബന്ധിച്ച് വിശദീകരണം ചോദിച്ചതിന് കരാറുകാരനാണ് പണിയായുധങ്ങൾ കൊണ്ടു വന്നത് എന്നും തൊഴിലാളികളുടെ പക്കൽ റോഡ് കോൺക്രീറ്റിഗിനാവശ്യമായ പണിയായുധങ്ങൾ ഇല്ലായിരുന്നു എന്നും അറിയിച്ചു. നിരക്ക് നൽകുന്നതിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-18 പാലം നിർമ്മാണത്തിന് ചട്ട വിരുദ്ധമായി അനുമതി നൽകി.

ഗ്രാമ പഞ്ചായത്ത് 13-ാം വാർഡിൽ താമസിക്കുന്ന ശ്രീ ഇ.എം. വർഗ്ഗീസ്, ചെറുകുന്നേൽ എന്നയാൾക്ക് തന്റെ ഉടമസ്ഥതയിലുള്ള രണ്ട് സ്ഥലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരിമ്പന തോടിന്റെ കുറുകെ പാലം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് കമ്മറ്റി 10.02.2020 ലെ 23(2) നം തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീരുമാനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 12.01.2022 ൽ ഓഡിറ്റ് എൻക്വയറി (നം.3)നൽകി. പഞ്ചായത്ത് സെക്രട്ടറിക്കും അസി:എഞ്ചിനീയർക്കുമാണ് ഓഡിറ്റ് എൻക്വയറി നൽകിയെതെങ്കിലും അസി:എഞ്ചിനീയർ മാത്രമാണ് മറുപടി ലഭ്യമാക്കിയത്.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 220 (ഇ) പ്രകാരം ഏതെങ്കിലും ഓവുചാലിന്റെയോ, ഓടയുടേയൊ അതിന്റെ എന്തെങ്കിലും ഭാഗത്തിന്റെയോ മീതെ എന്തെങ്കിലും എടുപ്പ് പണിയുന്നത് ചെയ്യാൻ പാടില്ലാത്തതാകുന്നു. കൂടാതെ 2019 ലെ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും പാലം നിർമ്മാണം ഒരു ഇനം അല്ല.നിയമ പ്രകാരം അനുവദനീയമല്ലാത്ത നിർമ്മാണത്തിന് അനുമതി നൽകാൻ തീരുമാനിച്ചതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. കമ്മിറ്റി തീരുമാന പ്രകാരം (2/1)പാലം നിർമ്മാണം പൂർണ്ണമായും പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ചെയ്യേണ്ടതാണ്. ആയതിന് പ്ലാൻ തയ്യാറാക്കുകയോ മേൽ നോട്ട ചുമതല നിർവ്വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് അടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. അസി:എഞ്ചിനീർ ലഭ്യമാക്കിയ മറുപടിയിൽ ( നം ഇല്ല/തീയതി 19.1.21) ഗ്രാമ പഞ്ചായത്ത് കമ്മറ്റി 10.02.2020 ലെ 23(2) നം തീരുമാന പ്രകാരം അനുമതി നൽകിയെങ്കിലും ശ്രീ ഇ എം വർഗ്ഗീസ് എ ഇ ക്ക് അപേക്ഷ നൽകിയിട്ടില്ല എന്നറിയിച്ചു. ഇക്കാരണത്താൽ പ്ലാൻ തയ്യാറാക്കുകയോ മേൽ നോട്ട ചുമതല വഹിക്കുകയോ ചെയ്തിട്ടില്ല എന്നറിയിച്ചു.

3. കമ്മിറ്റി തീരുമാന പ്രകാരം (2/6)പാലത്തിലൂടെ പൊതുജനങ്ങൾക്ക് എപ്പോഴും പൂർണ്ണ സഞ്ചാര സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത നിർമ്മാണത്തിൻ മേൽ ഇപ്രകാരം തീരുമാനമെടുത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

4. നിർമ്മാണം നടത്തിയ പാലത്തിന്റെ സ്പെസിഫിക്കേഷൻ (പ്ലാൻ ഉൾപ്പെടെ), പാലം നിർമ്മാണം ആരംഭിച്ച തീയതി പൂർത്തീകരിച്ച തീയതി, പാലം നിർമ്മാണത്തിന് രേഖാമൂലം അനുമതി, പാലം നിർമ്മാണം നടത്തിയതിന്റെ ഇരുപുറവുമുള്ള ഭൂമിയുടെ റവന്യൂ വിവരങ്ങൾ (വിസ്തീർണ്ണം, സർവ്വെ നം മുതലായവ) ലഭ്യമാക്കിയില്ല. ചട്ട വിരുദ്ധമായ രീതിയിൽ പാലം നിർമ്മാണത്തിന് അനുമതി നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. പാലം നിർമ്മാണ അനുമതിയിലെ അപാകത ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-19 ലേലം ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം ലേലയിനത്തിൽ (RP -5- Sale& Higher Charges, അക്കൌണ്ട് ഹെഡ് 150120103 -സെയിൽ ഓഫ് സ്ക്രാപ്പ് ) 22,000/- രൂപ വരവുണ്ട്. ആയതിന്റെ ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/20.1.2022) മറുപടി ലഭ്യമായിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-20 എ.ബി.സി. പ്രോഗ്രാം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | So 4/19-20 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | 50,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 50,000/- |
| ബിൽ നം./തീയതി | 44/9-8-19 |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 50,000/- രൂപ തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഫയലിൽ ഇല്ല. തുക കൈമാറിയതിന്റെ വിവരം മാത്രമേ ഫയലിൽ ഉള്ളൂ. എ.ബി.സി. പരിപാടിയുടെ നടത്തിപ്പിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ, നായയെ സൂക്ഷിക്കുന്നതിനായുള്ള കൂടുകൾ, സർജറി റൂം ഉൾപ്പെടെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീക്ക് ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾതെരുവ് നായക്കളുടെ കൃത്യമായ വിവരം മിഷനിൽ ലഭ്യമാക്കേണ്ടതുണ്ട്. കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്ററുമായി കരാറിൽ പറഞ്ഞ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയും കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുമായുള്ള കരാർ പ്രകാരം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ പ്രാദേശിക സഹകരണം വാർഡ് മെമ്പർമാർ, റസിഡന്റ്സ് അസോസിയേഷനുകളുമായി ബന്ധപ്പെടുത്തി ജില്ലാമിഷൻ കോ-ഓഡിനേറ്റർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവ് നായ്ക്കളുടെ എണ്ണം, പഞ്ചായത്ത് പരിധിയിലെ വിവിധ വാർഡുകളിൽ നിന്നും പദ്ധതിക്കായി തിരഞ്ഞെടുത്ത നായകളുടെ കണക്കും ലഭ്യമല്ല. ഇത് മേൽപറഞ്ഞ പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ മുഴവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 മത്സര പരീക്ഷാ പരിശീലന പ്രൊജക്ട് - അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ പി.എസ്.സി. പരീക്ഷാ പരിശീലനം നൽകുന്നതിന് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ആവിഷ്കരിച്ച പ്രൊജക്ടിന് വേണ്ടി ഉപകരണങ്ങൾ വാങ്ങുകയും ഇതര ചെലവുകൾ നടത്തുകയും ചെയ്തു.ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മറ്റിയുടെ 06.03.2019ലെ 6-ാം നമ്പർ തീരുമാന പ്രകാരം പി.എസ്.സി. കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് സബ് കമ്മറ്റി രൂപീകരിക്കുന്നതിനും കോച്ചിംഗ് സെന്ററിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ, കസേരകൾ, പുസ്തകങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും 01.04.2019 മുതൽ പി.എസ്.സി. കോച്ചിംഗ് സെന്റർ തുറന്ന് പ്രവർത്തിക്കുന്നതിനും തീരുമാനിച്ചു. പി.എസ്.സി. കോച്ചിംഗ് സെന്റർ സംബന്ധിച്ച താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം /വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 12.01.2022 ൽ ഓഡിറ്റ് എൻക്വയറി ( നം 1) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) പ്രൊജക്ട് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ, അടങ്കൽ, ഫണ്ട്, ചെലവ്, തുക നൽകിയ ട്രഷറി ബിൽ നം/ചെക്ക് നം/വൗച്ചർ നം, നിർവ്വഹണ ഉദ്യോഗസ്ഥൻ .

2) കോച്ചിംഗ് സെന്റർ പ്രവർത്തനം സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങളും ലഭ്യമാക്കിയില്ല.

കോച്ചിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ച തീയതി, കോച്ചിഗ് സെന്റർ പ്രവർത്തിച്ച കാലയളവ്, പരിശീലനത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം, പരിശീലനം നൽകുന്നതിന് ഉപയോഗിച്ച കെട്ടിടത്തിന്റെ വിവരം, പരിശീലനം നൽകിയ അധ്യാപകരുടെ വിവരം, ഉദ്യോഗാർത്ഥികളുടെ അറ്റൻഡൻസ് വിവരം, ഉദ്യോഗാർത്ഥികൾ പങ്കെടുത്ത പരീക്ഷയുടെ വിവരം/രേഖകൾ,ഉദ്യോഗാർത്ഥികൾ വിജയിച്ച പരീക്ഷയുടെ വിവരം/രേഖകൾ.

3) സ.ഉ(കൈ) നം.22/2018 ത.സ്വ.ഭ.വ തീയതി 11.02.2018-ാം നമ്പർ സബ്സിഡി മാർഗരേഖ, ഖണ്ഡിക 8.5 പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്ടുകൾ പാടില്ല എന്ന നിർദ്ദേശമുള്ളപ്പോഴാണ് ഇത്തരത്തിൽ പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചിരിക്കുന്നത്. വികസന പ്രോജക്ടിന്റെ ഭാഗമായും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും പരിശീലന പരിപാടികൾ നടത്താവുന്നതാണ്. വികസന പ്രോജക്ടിന്റെ ഭാഗമായും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും പരിശീലന പരിപാടികൾ നടത്താവുന്നതാണ്. നൂതന പ്രോജക്ടുകൾ ഏറ്റെടുക്കാമെങ്കിലും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നതായിരിക്കണം. തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് പി.എസ്.സി. പരിശീലനം കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നതല്ല.

അതിനാൽ ഇത്തരത്തിൽ തുക ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഇക്കാര്യം പരിശോധിച്ച് വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 അംഗീകാരം വാങ്ങിയതിനുശേഷം പ്രൊജക്ടിലില്ലാത്ത സ്കൂളിൽ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചു

| | |
|---|---|
| പ്രൊജക്ട് നം ., പേര് | എസ് 0032 / 20 , ഹൈസ്കൂളുകൾക്കും ഹയർ സെക്കൻഡറി സ്കൂളിനും നാപ്കിൻ വെൻഡിംഗ് യൂണിറ്റ് |
| അടങ്കൽ | 3,00,000/- (ധനകാര്യകമ്മീഷൻ അവാർഡ് ) |
| ചെലവ് | 2,99,996/- ; ബിൽ നം. 04 / 19-20 , 12.11.19 |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ് , ഗവ.യു.പി. സ്കൂൾ , ഉപ്പുകണ്ടം |

ആറൂർ ഹൈസ്കൂൾ, പാലക്കുഴ ഗവ.മോഡൽ ഹൈസ്കൂൾ, പാലക്കുഴ ഗവ.മോഡൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് യൂണിറ്റ് വാങ്ങി സ്ഥാപിക്കുന്നതിലൂടെ ശുചിത്വവും മാലിന്യസംസ്കരണവും പ്രാവർത്തികമാക്കുന്നതിനാണ് ഓഡിറ്റ് വർഷം ഈ പ്രൊജക്ട് നടപ്പിലാക്കിയത്. HLL Lifecare Limited ന്റെ അംഗീകൃത വെൻഡിംഗ് ഫ്രാഞ്ചൈസിയായ M/s Forworld Enterprises, മരട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വെൻഡിംഗ് മെഷീൻ വാങ്ങിയത് (ഇൻവോയ്സ് നം. FW / 012 / 18-19 , 10.10.19 – 2,99,996/-). ഇത് പ്രകാരം 4 സ്കൂളുകൾക്ക് നല്കുന്നതിനു വേണ്ടി വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ, ബാറ്ററി എന്നിവ 4 വീതവും സാനിട്ടറി നാപ്കിനുകളും വാങ്ങിയിട്ടുണ്ട്. മുകളിൽ പരാമർശിച്ച 3 സ്കൂളുകളിൽ നടപ്പാക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയത് (ഭരണാനുമതി നം. 5(1) / 11.12.18). ഉപ്പുകണ്ടം ഗവ.യു.പി. സ്കൂളുൾപ്പെടെ 4 സ്കൂളുകളിൽ പ്രൊജക്ട്

നടപ്പിലാക്കുന്നതിന് 09.07.19 ന് പഞ്ചായത്ത് കമ്മിറ്റി 1(6) നം. പ്രകാരം തീരുമാനിച്ചു. ഇതുപ്രകാരം നിർവഹണഉദ്യോഗസ്ഥ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കി (07.08.19 ലെ 44/19 നം. കത്ത്). 4 സ്കൂളുകളിൽ ഇവ സ്ഥാപിച്ചതിന് സ്ഥാപനം നല്കിയ ടാക്സ് ഇൻവോയ്സും സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടുണ്ട്. പ്രൊജക്ടിലില്ലാതിരുന്ന ഉപ്പുകണ്ടം ഗവ.യു.പി. സ്കൂളിൽ ഇത് സ്ഥാപിച്ചതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.4 / 13.01.22) നിർവഹണഉദ്യോഗസ്ഥ മറുപടി ഹാജരാക്കിയില്ല. യു.പി. സ്കൂളിൽ ഇത് സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ആവശ്യകതാനിർണ്ണയം നടത്തിയും അടിസ്ഥാനസൗകര്യങ്ങളുണ്ടെന്ന് ഉറപ്പാക്കിയും തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സ്മാർട്ട് ക്ലാസ്സ് റൂം - പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നം . ,പേര് | എസ് 0035 / 20 , സ്മാർട്ട് ക്ലാസ്സ് റൂം |
| അടങ്കൽ | 2,00,000 /- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 1,99,000 - , ബിൽ നം. 01 / 19-20 , 05.09.19 |
| നിർവഹണഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ് , ഗവ.യു പി സ്കൂൾ ,ഉപ്പുകണ്ടം |

ഉപ്പുകണ്ടം ഗവ. യു പി സ്കൂളിനെ ഹൈടെക്ക് നിലവാരത്തിലേക്കുയർത്തുന്നതിനും വിവരസാങ്കേതികവിദ്യ പാഠ്യവിഷയവുമായി ബന്ധപ്പെടുത്തി പഠനം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട് . Kerala State Industrial Enterprises Ltd എന്ന സർക്കാർ സ്ഥാപനവുമായി നിർവഹണഉദ്യോഗസ്ഥ 12.08.2019 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. KSIE യുടെ13.08.19 ലെ 1,99,000/- രൂപയുടെ KTMBC 05 നം.ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്. ഇത് പ്രകാരമുള്ള കമ്പ്യൂട്ടർ, ടച്ച് പാനൽ, മെറ്റൽ കാബിനെറ്റ്, UPS എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ലഭിച്ച ഉൽപ്പന്നങ്ങൾ സ്ഥാപിച്ച് സ്മാർട്ട് ക്ലാസ്സ് റൂം പ്രാവർത്തികമാക്കിയതിന്റെയും സ്ഥാപനം സെക്യൂരിറ്റി തുക അടവാക്കിയതിന്റെയും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.5, 13.01.22) മറുപടി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,99,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ഐ.കെ.എം. വിഹിതം - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | S002/19-20 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം. വിഹിതം നല്കൽ |
| അടങ്കൽ | 50,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 50,000/- |
| ബിൽനം./തീയതി | 23/25-06-2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ.കെ.എം.ന്റെ 23-9-2019 ലെ കത്ത് ( No.IKM/A/cs/Contri/2019) പ്രകാരം 2019-20 സാമ്പത്തികവർഷം പഞ്ചായത്തിന്റെ വിഹിതമായി 50,000/-രൂപ ഐ.കെ.എം. ലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 എസ്.എസ്.എ. വിഹിതം നല്കൽ

| | |
|---|---|
| പ്രോജക്റ്റ് നം. | S001/19-20 |
| പ്രോജക്റ്റിന്റെ പേര് | എസ്.എസ്.എ. വിഹിതം നല്കൽ |
| അടങ്കൽ | 400000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 400000/- |
| ബിൽനം./തീയതി | 52/23-06-2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.എ.യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2019-20ലെ മൊത്തം പ്രവർത്തന കലണ്ടറും 2019-20 -ൽ തുക വിനിയോഗിച്ചു എന്ന കൈപ്പറ്റുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ.ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.എ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. 2019-2020 -ലെ വിശദമായ വിനിയോഗ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് . വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 കുടിവെള്ളവിതരണം-അപാകതകൾ

ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന് മിഥുൻ മാത്യൂ എന്ന വ്യക്തിക്ക് തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്രമ | വിതരണ | തുക | വൗച്ചർ നം., |
|---|---|---|---|

| നം. | വിവരം | | തീയതി |
|---|---|---|---|
| 1 | 27.03.19 മുതൽ 31.05.19 വരെ 54 ദിവസം | 45600/- [DA- 54 ദിവസം @ 400/- = 21600/- , വാട്ടർ ചാർജ്- 240 ലോഡ് @ 100/- =24000/- (ആകെ 45600/-)] | 21900221/ 29.06.19 |
| 2 | 05.06.19 മുതൽ 29.06.19 വരെ 18 ദിവസം | 14100/- [DA – 18 ദിവസം @ 400/- = 7200/- , വാട്ടർ ചാർജ് - 69 ലോഡ് @ 100 /- =6900 /- (ആകെ 14100 /-)] | 21900287/ 18.07.19 |

ഇതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1) കുടിവെള്ളം വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

2) വിതരണത്തിനുപയോഗിച്ച വാഹനത്തിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല .

3) കിലോമീറ്റർ അടിസ്ഥാനത്തിലല്ല ജലവിതരണത്തിനുള്ള തുക നല്കിയിട്ടുള്ളത് .കുടിവെള്ളം വിതരണം ചെയ്യുന്ന വ്യക്തി ഹാജരാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലോഡുകളുടെ എണ്ണത്തിനനുസരിച്ചാണ് നല്കിയിട്ടുള്ളത് .

4) ജിപിഎസ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല .

5)വാഹനത്തിന്റെ ഡ്രൈവർക്ക് DA അനുവദിച്ചതിലെ ഉദ്ദേശ്യം വ്യക്തമല്ല .

6) കുടിവെള്ളവിതരണവാഹനത്തിൽ (KL-02-Z-4200 ) GPS ഘടിപ്പിച്ചതിന് തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 21900050 / 16.04.19 പ്രകാരം 4999/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വാഹനമാണോ വിതരണത്തിനുപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല .

പഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തിയതിന് സാമൂഹിക പ്രതിബദ്ധതയുള്ള ഏതാനും ആളുകളുടെ സഹായത്താൽ വാഹനം , ഇന്ധനം എന്നിവ വിട്ടുനല്കുകയും ഉറവിടത്തിൽ നിന്നും എടുക്കുന്ന വെള്ളത്തിന് 100/- രൂപ പ്രകാരവും വാഹനഡ്രൈവർക്ക് ദിനബത്തയായി 400/- രൂപയുമാണ് പഞ്ചായത്ത് നല്കേണ്ടതെന്നും ആയതിനാൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന തുക അനുവദിക്കുന്നതിനും 09.07.19 ലെ കമ്മിറ്റി, 10(1) നം.പ്രകാരം തീരുമാനിച്ചിട്ടുണ്ട് .ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.8, 13.01.22) മറുപടി ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പിന്റെ 27/02/2020ലെ 494/2020/ത.സ്വ.ഭവ ഉത്തരവിൽ സംസ്ഥാനദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ജില്ലാ തല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. മാർഗ്ഗനിർദ്ദേശം ഖണ്ഡിക 4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. കുടിവെള്ള വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ മാത്രം കുടിവെള്ള വിതരണം എന്ന മാനദണ്ഡം നിശ്ചയിച്ചത്.ഉത്തരവിലെ ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരന് ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത് . സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് കുടിവെള്ളവിതരണത്തിന് തുക ചെലവഴിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും എൻക്വയറിക്ക് മറുപടി നൽകാതിരുന്നതിനാലും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 59,700/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-27 ഓഡിറ്റ് ഇംപാക്റ്റ്

(1) ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് വേണ്ടി നടപ്പാക്കിയ പ്രൊജക്റ്റിന്റെ ഭാഗമായി സ്ഥാപിച്ച കിച്ചൻ സിങ്ക് സ്ഥാപിച്ചതിൽ നിരക്കിലെ വ്യത്യാസം മൂലം നഷ്ടമായ 2487 രൂപ 14.1.2022 ലെ ഓഡിറ്റ് എൻക്വയറി (നം.12) മുഖാന്തിരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 18.1.2022 ൽ രസീത് നം 1669521 പ്രകാരം അടവാക്കി.
(2) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി,ക്രമവൽക്കരണഫീസ് എന്നീ ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 1148/-രൂപ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഈടാക്കിയിരിക്കുന്നു .

(A) ജീവനക്കാരുടെ തൊഴിൽ നികുതി (ഓഡിറ്റ് എൻക്വയറി.നം6/13.1.2022) പ്രകാരം ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇാടാക്കിയ ഫീസ് /രസീത് നം/തീയതി |
|---|---|---|
| 1 | എ.വി ക്ലാസ്സിക് ടൈൽ ഗ്രാനൈറ്റ്സ് (ഒന്നും രണ്ടും അർദ്ധവർഷം) | 360/- (121030102109/18.1.2022) |
| 2 | ഹോട്ടൽ ആനന്ദഭവൻ | 60/- (121030102115/18.1.2022) |
| 3 | സർവോത്തം റോക്സ്(ഒന്നും രണ്ടും അർദ്ധവർഷം) | 180/- (121030102110/18.1.2022) |
| | ആകെ | 600/- |

(B) ക്രമവൽക്കരണ ഫീസ് (നേരിട്ടുള്ള അന്വേഷണത്തിലൂടെ ഈടാക്കിയിട്ടുണ്ട്)

| ക്രമ നം | ഉടമസ്ഥന്റെ പേര് | തുക /രസീത് നം/തീയതി |
|---|---|---|
| 1 | ശ്രീ ബിപു വി. പോൾ, വലിയകുളങ്ങര | 548/- (121030102078/15.1.2022) |
| | ആകെ | 548/- |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിടം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ വസ്തു നികുതി നിർണ്ണയ സ്റ്റേറ്റ് മെന്റിലെ ഫോം നം. 6 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 285-ച.മീ വിസ്തീർണ്ണത്തിനാണ്. കൂടാതെ ടി കെട്ടിടത്തിന് വസ്തു നികുതി ഈടാക്കിയിരിക്കുന്നത് 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗക്രമ പ്രകാരമുള്ള 30/- രൂപ നിരക്കിലുമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 1.6.2019 തീയതിയിൽ സമർപ്പിച്ച അപേക്ഷാ നം. A3-1454/19 പ്രകാരമുള്ള എക്സ്റ്റെൻഷൻ പ്ലാനിൽ നിലവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 466.30 ച.മീ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥാപനത്തിന്റെ വിസ്തീർണ്ണം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ/ കെട്ടിട നം./സ്ഥാപനത്തിന്റെ പേര് / | വസ്തു നികുതി നിർണ്ണയിക്കേണ്ട കെട്ടിട വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിർണ്ണയിച്ച കെട്ടിട വിസ്തീർണ്ണം(ച.മീ) /ഈടാക്കിയ വസ്തു നികുതി (ബാധകമായ ഇളവ്,വർദ്ധനവ്, ഗ്രന്ഥശാലാ വരി എന്നിവ കുറച്ച്) /രസീതു നം /തീയതി (ച.മീറ്ററിന് 30/-നിരക്കിൽ) | ഈടാക്കേണ്ട വസ്തു നികുതി (ബാധകമായ ഇളവ്,വർദ്ധനവ്, ഗ്രന്ഥശാലാ വരി എന്നിവ കുറച്ച്) / (ച.മീറ്ററിന് 50/- രൂപ നിരക്കിൽ) | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് |
|---|---|---|---|---|---|
| ജെസ്സി ബേബി പാട്ടുപാളായിൽ, കരിമ്പന, 294/A/ കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് | 466.30 | 285ച.മീ , 7182/- (285x30) (119030100068/12.4.19) (വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം) | 19585/- (466.30x50) (വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമം ) | 12403/- | 466.30-285= 181.3x20=3626/ |
| ആകെ ഈടാക്കേണ്ടത് | | | | | 12403+3626=16029/- |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/20.1.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ,ക്രമവൽക്കരണ ഫീസ് എന്നീ ഇനങ്ങളിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 16029/- രൂപ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികധനകാര്യപത്രിക പരിശോധിച്ചത്.

### 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ

ലഭ്യമാക്കിയിട്ടില്ല

### 4-3 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | വർഷം | പ്രൊജക്ട് | നല്കിയ തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | നെൽകൃഷിക്ക് കൂലിചെലവ് | 51714 | 51714 | 0 |
| | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 108250 | 108250 | 0 |
| | | ലൈഫ് ഭവനനിർമ്മാണം -ജനറൽ | 1212000 | 1212000 | 0 |
| | | ലൈഫ് -സ്ഥലം വാങ്ങൽ | 2000000 | 2000000 | 0 |
| | | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 194600 | 194600 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 50000 | 0 |
| | | ലൈഫ് -സ്ഥലം വാങ്ങൽ | 400000 | 400000 | 0 |
| | | ലൈഫ് ഭവനനിർമ്മാണം -ജനറൽ | 520000 | 520000 | 0 |

ലൈഫ് സ്ഥലം വാങ്ങൽ , ലൈഫ് ഭവനനിർമ്മാണം ജനറൽ എന്നീ പ്രൊജക്ടുകൾക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 9,20,000 /- രൂപ AFS ൽ ഹെഡ്ഡ് മാറിയാണ് (Contributions For Other Specific Purposes From Block Panchayath ) ഉൾപ്പെടുത്തിയിട്ടുള്ളത് .ഈ ഹെഡ്ഡിലെ ആകെ വരവായ 15,00,000 /- രൂപയിൽ അവശേഷിച്ച 5,80,000 /- രൂപ 2020-21 ൽ ചെലവഴിച്ചിട്ടുണ്ട് ) .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ഗുണഭോക്തൃസമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല .

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 50,89,348/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 50,89,348 | 15,50,652 | 3,67,647 | 0 | 62,72,353 |

50,89,348 /- രൂപ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം

| ക്രമ നം. | തുക | രസീത് നം., തീയതി |
|---|---|---|
| 1 | 40,000 /- | 119130900002 / 05.04.19 |
| 2 | 31,66,667 /- | 119130900003 / 05.04.19 |
| 3 | 8,80,000 /- | 119130900056 / 13.01.20 |
| 4 | 3,42,681 /- | 119130900057 / 13.01.20 |
| 5 | 6,60,000 /- | 119130900058 / 13.01.20 |
| ആകെ | 50,89,348 /- | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 54373 /- രൂപയുടെ വിശദാംശങ്ങൾ താഴെ പറയുന്നു .

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം., തീയതി |
|---|---|---|---|---|
| 1998-1999 | 26 എ | 17 /- | ഇ.കെ.ബേബി | 119030100172 / 11.05.19 |
| | 26 ബി | 73 /- | ഇ.കെ.ബേബി | 119030100173 / 11.05.19 |
| | 27 | 162 /- | ഇ.കെ.ബേബി | 119030100174 / 11.05.19 |
| | 28(1) | 240 /- | ഇ.കെ.ബേബി | 119030100175 / 11.05.19 |
| | 28(3) | 120 /- | ഇ.കെ.ബേബി | 119030100180 / 11.05.19 |
| | 28(3) | 120 /- | ഇ.കെ.ബേബി | 119030100180 / 11.05.19 |
| | 28(5) | 780 /- | ഇ.കെ.ബേബി | 119030100183 / 11.05.19 |
| | 30 | 150 /- | ഇ.കെ.ബേബി | 119030100177 / 11.05.19 |
| | 31 | 107 /- | ഇ.കെ.ബേബി | 119030100178 / 11.05.19 |
| | 32 | 106 /- | പി.ജെ.ജോർജ് | 119030100179 / 11.05.19 |
| 1999-2000 | 21(ബി) | 778 /- | സെക്രട്ടറി | 119030100181 / 11.05.19 |
| | 28(5) | 780 /- | മെഡിക്കൽ ഓഫീസർ, ഹോമിയോ | 119030100183 / 11.05.19 |
| 2015-16 | 2-5 | 2500 /- | കെ.ജെ.ജോസ് | 119030102569 / 15.01.20 |
| 2016-17 | 2(4) | 14280 /- | എക്സിക്യൂട്ടീവ് എൻജിനീയർ, LSGD | 119030500006 / 25.06.19 |
| | 2(4) | 23210 /- | എക്സിക്യൂട്ടീവ് എൻജിനീയർ, LSGD | 119030500006 / 25.06.19 |
| 2018-19 | 1(12) | 3150 /- | പ്രൊപ്രൈറ്റർ , വീത്രി | 119030102614 / 23.01.20 |
| | 1(12) | 3150 /- | പ്രൊപ്രൈറ്റർ , വീത്രി | 119030102615 / 23.01.20 |
| | 1(12) | 900 /- | ബ്ലൂസ് & കോപ്പേർസ് | 119030102660 / 29.01.20 |

| | | | | |
|---|---|---|---|---|
| | 1(13) | 2500 /- | എൽദോസ് ഫിലിപ്പ് | 119030101925 / 23.11.19 |
| | 1(13) | 1250 /- | കെ.എസ്.ഉണ്ണികൃഷ്ണൻ | 119030102279 / 16.12.19 |
| ആകെ | | 54373 /- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | | |
| 1998-99 | | 2002-03 | കേട് ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയത് നടുന്നത് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 16.2.2016ൽ ജില്ലാതല മോണിറ്ററിങ് സമിതിയുടെ മിനിട്ട്സ് പ്രകാരം സാധൂകരണത്തിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ) 196/2018 / പ്രകാരം സാധൂകരണം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 2014-15 | 2.2 | 2017-18 | പാലക്കുഴ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ 2013-14, 2014-15 വർഷങ്ങളിലെ വസ്തു നികുതി കുടിശിക (വയോ നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, പ്രൈവററ് ലിമിറ്റഡ്) | |
| 2015-16 | 2.5 | 2017-18 | പഞ്ചായത്ത് പരിധിയിലെ പ്രൊഫഷണലുകളുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,40,98,458/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,57,61,223/- |
| വരവിനങ്ങളിലുള്ള നഷ്ടം | 16,029/- |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,88,776/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 16,029/- | -- | ശ്രീമതി ടെസ്സിമോൾ സി.,സെക്രട്ടറി ഇൻ ചാർജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,80,076/- | ധർമ്മകീർത്തി പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-23 | 1,99,000/- | ശ്രീമതി ആലീസ് ജോസ്, ഹെഡ്മിസ്ട്രസ്,ഗവ.യു.പി.സ്കൂൾ, ഉപ്പ്കണ്ടം. |
| 1-24 | 50,000/- | ജോർജ്ജ് കെ.എം., സെക്രട്ടറി |
| 1-25 | 4,00,000/- | ജോർജ്ജ് കെ.എം., സെക്രട്ടറി |
| 1-26 | 59,700/- | ജോർജ്ജ് കെ.എം., സെക്രട്ടറി |
| ആകെ | 8,88,776/- | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും<br>ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ധർമ്മകീർത്തി പി.പി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | പിനാക്കന്നേൽ ഹൌസ്<br>കട്ടമുട്ടം റോഡ്, ചെമ്പുമുക്ക്<br>കാക്കനാട് - 682030 |
| ശ്രീമതി. ആലീസ് ജോസ്,<br>സെക്രട്ടറി ഇൻ ചാർജ് | വിരമിച്ചു | ചെറുകന്നേൽ ഹൗസ്,<br>കരിമ്പന (പി.ഒ.)<br>കുത്താട്ടുകുളം. |
| ജോർജ്ജ് കെ.എം., സെക്രട്ടറി | വിരമിച്ചു | കൊള്ളാരമാലിൽ<br>വളയൻചിറങ്ങര (പി.ഒ.)<br>വിരിക്കാട്<br>പെരുമ്പാവൂർ |
| ടെസ്സിമോൾ സി,<br>സെക്രട്ടറി ഇൻ ചാർജ്ജ് | വിരമിച്ചു | വലിയ കട്ടയിൽ<br>പിറവം പി.ഒ<br>എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി 2)92/98/17.8.1998 |
| 1997-98 | എൽ.എഫ്.ഇ (പി 2)896/2000/28.01.2000 |
| 1998-99 | എൽ.എഫ്.ഇ (പി 2)1629 /2001 /17.8.1998/19.3.2002 |
| 1999-00 | എൽ.എഫ്.ഇ (പി 2)242/03/16.06.2003 |
| 2000-01 | എൽ.എഫ്.ഇ (പി 2)1488/03/31.03.2004 |
| 2001-02 | എൽ.എഫ്.ഇ (പി 2)439/2005/03.08.2005 |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ഇ പി1)1572/08/6.10.2009 |
| 2006-07 | |
| 2007-08 | എൽ.എഫ്.ഇ ((പി9)169/12/ 24.8.2012 |
| 2008-09 | |
| 2009-10 | |
| 2010-11 | |
| 2011-12 | എൽ.എഫ്.ഇ (പി9)1587/14/5.11.2014/11.12.2014 |

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ (പി9)907/15/8.6.2015 |
| 2013-14 | |
| 2014-15 | കെഎസ്എ – ഇ കെ എം (പി9)1304/16/ 29.07.2016 |
| 2015-16 | കെ.എസ്എ – ഇ കെ എം (പി9)2228/16/ 30.01.2017 |
| 2016-17 | കെ.എസ്എ – ഇ കെ എം (പി9)1883/17/ 24.10.2017 |
| 2017-18 | കെ.എസ്എ – ഇ കെ എം (പി9)11/19/ 16.2.2019 |
| 2018-19 | കെ.എസ്എ – ഇ കെ എം (പി9)1683/19/ 01.11.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്